LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ നടപടി

21 (*261) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളിൽ മണ്ണടിയുന്നതുമൂലം അവയുടെ പ്രവർത്തനത്തിന് എന്തെങ്കിലും ന്യൂനത അനുഭവപ്പെടുന്നുണ്ടോ ;

(ബി) ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (എം. വി. രാഘവൻ) :

(എ) ഉണ്ട്.

(ബി) ഈ കാലവർഷം കഴിഞ്ഞാലുടൻ അഴീക്കൽ തുറമുഖത്തെ അഴിമുഖവും ചാനലും റ്റി.എസ്.ബി. സിന്ദുരാജ് എന്ന് മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ച് മണ്ണു മാന്തൽ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നു. അതു കഴിഞ്ഞാലുടൻ ബേപ്പൂർ തുറമുഖ വാർഫും ചാനലും ഇതേ മണ്ണു മാന്തിക്കപ്പൽ ഉപയോഗിച്ചുതന്നെ മണ്ണു നീക്കം ചെയ്തു അവിടത്തെ ചരക്കു ഗതാഗതം സുഗമമാക്കാൻ ഉദ്ദേശിക്കുന്നു.

കൺസ്യൂമർഫെഡിന്റെ മദ്യ വിപണനം

22 (*262) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡ് മദ്യ വിപണനത്തിൽ ഏർപ്പെട്ടിട്ട് എത്രകാലമായി ;

(ബി) മദ്യ വിപണനം കൺസ്യൂമർഫെഡിന് ലാഭമാണോ നഷ്ടമാണോ വരുത്തിവെച്ചിട്ടുള്ളത് ; എങ്കിൽ എത്ര ;

(സി) മദ്യ വിപണനം കൺസ്യൂമർഫെഡിന് നഷ്ടം വരുത്തിയിട്ടുള്ള പക്ഷം അതിനുള്ള കാരണം എന്ത് എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) രണ്ടുവർഷം.

(ബി) നഷ്ടം, 16.1 കോടി രൂപ.

(സി)

1. ഭാരിച്ച കിസ്തു തുക ഈടാക്കുന്നത്.
2. ആവശ്യത്തിലധികം അബ്കാരി തൊഴിലാളികളെ വിദേശ മദ്യ വിൽപ്പന ശാലകളിൽ നിയമിക്കേണ്ടി വന്നത്.